(ബി) എത്ര റാങ്കുവരെ നിയമനം നടത്തിയെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) നിലവിൽ എത്ര ഒഴിവുകൾ ആണ് തൃശ്ശൂർ ജില്ലയിൽ ഉള്ളത്; ഇവയിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17 പേർക്ക്

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്നതനുസരിച്ചാണ് നിയമനം നടത്തുന്നത്. ആയതിനാൽ എത്ര റാങ്കുവരെ നിയമനം നടത്തി എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് വനം വകുപ്പിൽ ലഭ്യമല്ല.

(സി) മൂന്ന് ഒഴിവുകൾ. ഈ ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

75 (367) സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രവും വിനോദ സഞ്ചാര കേന്ദ്രവുമായ വർക്കലയിൽ വന്നുകൊണ്ടിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സർവ്വീസുകളാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) നിർത്തലാക്കിയ സർവ്വീസുകൾ അടിയന്തിരമായി ആരംഭിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) വർക്കല-പൊൻമുടി-കോവളം ഈ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സർവ്വീസും വർക്കല-കഴക്കൂട്ടം കൊച്ചു വേളി വിമാനത്താവളം വഴി കോവളത്തേയ്ക്കുള്ള സർവ്വീസും ആരംഭിക്കാൻ അവശ്യമായ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് നിമിത്തം വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബസ്സിന്റെ അപര്യാപ്തതമൂലം തൽക്കാലം കഴിയുന്നില്ല.

76 (368) വാഹന പരിശോധന

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം എത്ര വാഹന പരിശോധന നടത്തിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹന പരിശോധന പ്രകാരം എന്തു തുക ഫൈൻ ചുമത്തിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)& (ബി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

77 (369) പാചകവാതകമുപയോഗിച്ചുള്ള വാഹനങ്ങൾ

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതകമുപയോഗിച്ച് വാഹനം ഓടിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) വാഹനങ്ങൾ ഗ്യാസ് സിലിണ്ടർ ഘടിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഗ്യാസ് ഉപയോഗിച്ച വാഹനങ്ങൾ തീപിടിച്ച എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ഇ) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഈ കാര്യത്തിൽ ഒരു നോട്ടിഫിക്കേഷന്റെ കരട് സർക്കാർ പരിഗണനയിലാണ്.

(ബി) നൽകിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 3 സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വാഹനങ്ങളിൽ ബദൽ ഇന്ധനമെന്ന നിലയിൽ എൽ.പി. ഗ്യാസ് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതോടൊപ്പം ഗ്യാസ് ഉപയോഗിക്കുന്ന വാഹനങ്ങൾ തീപിടിച്ച് ഉണ്ടാകുന്ന അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കൈക്കൊള്ളേണ്ട സുരക്ഷാ നടപടികളെക്കുറിച്ചും സർക്കാർ പരിശോധിച്ചു വരുന്നു.

78 (370) ജലഗതാഗതം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു :

LIBRARY ARCHIVES Kerala Legislative Assembly